പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.156 — 16-06-2014-ൽ മറുപടിക്ക്

## സംസ്ഥാനത്തേക്കുള്ള സ്പിരിറ്റ് കള്ളക്കടത്ത്

| ചോദ്യം: | ഉത്തരം: |
|---|---|
| ശ്രീ. ഇ. പി. ജയരാജൻ:<br>" സാജു പോൾ:<br>ശ്രീമതി കെ. കെ. ലതിക:<br>ശ്രീ. കെ. വി. അബ്ദുൾ ഖാദർ: | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) അന്യസംസ്ഥാനങ്ങളിൽ നിന്ന് സംസ്ഥാനത്തേക്ക് വ്യാപകമായി സ്പിരിറ്റിന്റെ കള്ളക്കടത്ത് നടന്നു വരുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപെട്ടിട്ടില്ല. 2013-ൽ കേരളത്തിലേക്ക് കടത്തപ്പെട്ട 39,920 ലിറ്റർ സ്പിരിറ്റ് എക്സൈസ് ഉദ്യോഗസ്ഥർ പിടികൂടി അബ്കാരി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. 2014 മേയ് 31 വരെയുള്ള കണക്ക് പ്രകാരം 8480.50 ലിറ്റർ സ്പിരിറ്റ് എക്സൈസ് ഉദ്യോഗസ്ഥർ പിടികൂടി അബ്കാരി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) ബാറുകൾ അടഞ്ഞു കിടക്കുന്ന അവസരവും എക്സൈസ് ചെക്ക് പോസ്റ്റുകളുടെ നിഷ്ക്രിയത്വവും മുതലെടുത്ത് സ്പിരിറ്റ് കടത്തുന്നവരെക്കുറിച്ച് അന്വേഷിക്കാമോ; | (ബി) സംസ്ഥാനത്തെ നിരവധി ബാറുകൾ അടഞ്ഞു കിടക്കുന്നതിനാൽ വ്യാജമദ്യത്തിന്റെ ഉല്പാദനവും വിതരണവും ഉപഭോഗവും ഉണ്ടാകാനുള്ള സാധ്യത മുന്നിൽക്കണ്ട് അത് തടയുന്നതിനായി എക്സൈസ് വകുപ്പിൽ "റെഡ് അലർട്ട്" പ്രഖ്യാപിച്ച് നടപടി സ്വീകരിച്ചിട്ടുണ്ട്. എക്സൈസിന്റെ എല്ലാ എൻഫോഴ്സ്മെന്റ്/ഇന്റലിജൻസ് ഏജൻസികൾക്കും സ്വീകരിക്കേണ്ട മുൻകരുതലുകൾ വിശദമാക്കി കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. പൊതുജനങ്ങളിൽ നിന്നും വിവരം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുന്നതിനുമായി എക്സൈസ് കമ്മീഷണറേറ്റിലും, ജില്ലാ, താലൂക്ക് തലങ്ങളിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ ആരംഭിക്കുകയും, അതിർത്തി പ്രദേശങ്ങളിൽ രാത്രികാല പട്രോളിംഗ് ശക്തിപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ചെക്ക് പോസ്റ്റുകൾ ശക്തിപ്പെടുത്തി, അതുവഴി കടന്നുവരുന്ന വാഹനങ്ങൾ കൃത്യമായി പരിശോധന നടത്തുന്നതിന് ശക്തമായ നടപടികൾ എടുത്തിട്ടുണ്ട്. കൂടാതെ ദേശീയ പാതകളിലും അതിർത്തി പ്രദേശങ്ങളിലെ റോഡുകളിലും കർശന വാഹന പരിശോധന നടത്തുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | സ്പിരിറ്റ് കള്ളക്കടത്തും വ്യാജ മദ്യവും തടയാൻ നിലവിലുള്ള സംവിധാനങ്ങൾ നിഷ്ക്രിയമാണോ; കാരണം പരിശോധിച്ചിട്ടുണ്ടോ; എക്സൈസ് ഇന്റലിജൻസ് വിഭാഗം ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; | (സി) | സ്പിരിറ്റ് കള്ളക്കടത്തും വ്യാജ മദ്യവും തടയാൻ നിലവിലുള്ള സംവിധാനങ്ങൾ ശക്തമാണ്. എക്സൈസ് ഇന്റലിജൻസ് വിഭാഗത്തിൽ നിലവിൽ ഒരു ജോയിന്റ് എക്സൈസ് കമ്മീഷണർ, 3 മേഖലാ അസി. എക്സൈസ് കമ്മീഷണർമാർ, ജില്ലകളിൽ ഒരു എക്സൈസ് ഇൻസ്പെക്ടർ, 5 പ്രിവന്റീവ് ഓഫീസർമാർ എന്നിവരടങ്ങുന്ന ശക്തമായ യൂണിറ്റ് പ്രവർത്തിച്ചു വരുന്നു. ഇവരുടെ നേതൃത്വത്തിൽ 2013 വർഷം 12,993 അബ്കാരി കേസുകളും 770 എൻ.ഡി.പി.എസ്. കേസുകളും എടുത്തിട്ടുണ്ട്. |
| (ഡി) | 2014-ൽ സ്പിരിറ്റ് കള്ളക്കടത്ത് നടത്തിയതിന്മേൽ എക്സൈസ് അധികൃതർ കേസെടുക്കുകയുണ്ടായിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ? | (ഡി) | ഉണ്ട്. 2014 മേയ് 31 വരെയുള്ള കണക്ക് പ്രകാരം സംസ്ഥാനത്ത് 8480.50 ലിറ്റർ സ്പിരിറ്റ് എക്സൈസ് ഉദ്യോഗസ്ഥർ പിടികൂടി അബ്കാരി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേസുകളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ആഫീസർ

## അനുബന്ധം

| ഡിവിഷൻ | കേസ്സുകളുടെ എണ്ണം | അറസ്റ്റ് ചെയ്യപ്പെട്ട പ്രതികളുടെ എണ്ണം | പിടികൂടിയ സ്പിരിറ്റ് (ലിറ്റർ) |
|---|---|---|---|
| തിരുവനന്തപുരം | 1 | 3 | 198 |
| കൊല്ലം | 2 | 4 | 3894 |
| പത്തനംതിട്ട | 1 | 1 | 2.5 |
| ആലപ്പുഴ | 4 | 6 | 857 |
| എറണാകുളം | 2 | 3 | 2590 |
| പാലക്കാട് | 2 | 2 | 694 |
| കാസർഗോഡ് | 4 | 2 | 245 |
| ആകെ | 16 | 21 | 8480.50 |